"ഭരണഭാഷ- മാതൃഭാഷ"



**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - സംസ്ഥാന സർക്കാരിന്റെ ഒന്നാം വാർഷികാഘോഷവുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും തുക അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ) നം.1982/2022/LSGD തീയതി,തിരുവനന്തപുരം, 16-08-2022

---

പരാമർശം:- 1. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സമർപ്പിച്ചിരിക്കുന്ന 10.05.2022 ലെ കത്ത്.

**ഉത്തരവ്**

സംസ്ഥാന സർക്കാരിന്റെ ഒന്നാം വാർഷികാഘോഷവുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും തുക അനുവദിക്കുന്നത് സംബന്ധിച്ച് പത്തനംതിട്ട, ആലപ്പുഴ, മലപ്പുറം ജില്ലാ ജോയിന്റ് ഡയറക്ടർമാർ സമർപ്പിച്ച അപേക്ഷ പരാമർശം(1) കത്ത് പ്രകാരം തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ശുപാർശ ചെയ്തു സമർപ്പിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാന സർക്കാരിന്റെ ഒന്നാം വാർഷികത്തിന്റെ ഭാഗമായി ജില്ലാ തലത്തിൽ സംഘടിപ്പിച്ച പ്രദർശന വിപണന മേളകൾക്കും, സർക്കാരിന്റെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും വികസന നേട്ടങ്ങൾ ജനങ്ങളിലേക്കെത്തിക്കുന്ന പ്രവർത്തനങ്ങൾക്കുമായി പത്തനംതിട്ട,ആലപ്പുഴ,മലപ്പുറം എന്നീ ജില്ലകളിലെ ഗ്രാമ പഞ്ചായത്തുകളിൽ നിന്ന് 1,000/-രൂപ വീതവും ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നും മുൻസിപ്പാലിറ്റികളിൽ നിന്നും 2,000/-രൂപ വീതവും അതത് ജില്ലകളിലെ ഏകീകൃത തദ്ദേശ സ്വയം ഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർമാർക്ക് അവരവരുടെ തനത് ഫണ്ടിൽ നിന്നും നൽകുന്നതിനുള്ള യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രഞ്ജൻ രാജ് ആർ പി
ഡെപ്യൂട്ടിസെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(തദ്ദേശസ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by Shemim Khan S H
Date: 17-08-2022 10:29:15

സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു. മുഖ്യമന്ത്രിയുടെ പി എസ്സിന്,
ബഹു.തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി എസ്സിന്.